*➪ മാവോയിസ്റ്റ് ഭീതി നിലനിൽക്കേണ്ടത് അതുകൊണ്ടുതന്നെ ഭരണകൂടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു ➪*

# സമരകേരളത്തിന്റെ നാവരിയരുത്

**ഡോ. ആസാദ്**

**90** കൾക്ക് ശേഷം ലോകത്താകമാനം ശക്തിപ്പെട്ടുവന്ന ആഗോളവത്കരണ നയങ്ങൾക്കെതിരെ കേരളത്തിൽ രൂപപ്പെട്ട അടിസ്ഥാന ചെറുത്തുനിൽപ്പുകളുടെ ഒരു രൂപകമാണ് കേരളീയം. ജനകീയ സമരങ്ങളുടെ സ്പന്ദനം കൂടിയാണത്. യോജിക്കാം, വിയോജിക്കാം. പക്ഷെ, കേരളീയത്തിന്റെ പഴയ ലക്കങ്ങൾ നോക്കിക്കൊണ്ടല്ലാതെ കേരളത്തിലെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളുടെ സമരചരിത്രം എഴുതാൻ കഴിയുകയില്ല. മുഖ്യധാര മാധ്യമങ്ങളിലൂടെ കടന്നുപോകുന്നവർക്ക് അത് കാണാൻ കഴിയണമെന്നില്ല. മുഖ്യധാരാ മാധ്യമങ്ങൾ അവഗണിച്ച കേരളീയ ജീവിതത്തെ നമുക്ക് കേരളീയത്തിൽ കണ്ടെത്താം. അത്തരത്തിലുള്ള ഒരു മാസിക റെയ്ഡ് ചെയ്യപ്പെടുന്നതിന് പിന്നിൽ ഭരണകൂടത്തിന് പല ലക്ഷ്യങ്ങളുമുണ്ട്. സമരകേരളത്തിന്റെ നാവരിഞ്ഞുകളയാനുള്ള ശ്രമമാണത്. കോർപ്പറേറ്റുകൾക്കെതിരായ സമരമുഖങ്ങളിൽ ശൈഥില്യം വിതയ്ക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സമരമുഖത്ത് നിൽക്കുന്നവർ പരസ്പരം മാവോയിസ്റ്റാണെന്ന് സംശയിച്ച്, അന്യോന്യം സൗഹൃദം പുലർത്താനാകാതെ സമരങ്ങൾ ശിഥിലമാകും എന്നാണ് സർക്കാർ കരുതുന്നത്. മാവോയിസ്റ്റ് ഭീതി എന്ന വലിയ വിപത്ത് കേരളത്തിൽ വിതയ്ക്കപ്പെട്ടിരിക്കുകയാണ്. ചെങ്ങറ സമരം മുതൽ മൂലമ്പിള്ളിയിലും പാലിയേക്കരയിലും തുടങ്ങി ചുംബന സമരത്തിൽ വരെ മാവോയിസ്റ്റ് സാന്നിധ്യം ഭരണകൂടം ഉന്നയിച്ചിരുന്നു. ഈ സമരങ്ങളിലേക്ക് ജനങ്ങളെ നയിച്ച പ്രശ്നങ്ങളെന്താണെന്നും അതിന്റെ പരിഹാരമെന്താണെന്നും പഠിക്കുന്നതിന് നയാപൈസ ചിലവാക്കാത്ത സർക്കാർ കോടിക്കണക്കിന് രൂപ മാവോയിസ്റ്റ് ഭീതിയുടെ പേരിൽ കേന്ദ്രത്തിൽ നിന്നും തട്ടിയെടുത്തുകൊണ്ടിരിക്കുകയാണ്.

ജനകീയ സമരങ്ങളുടെ പക്ഷത്ത് നിൽക്കുന്ന മുഖ്യധാരാ മാധ്യമപ്രവർത്തകരുടെയും നവമാധ്യമങ്ങളിലൂടെ പ്രതികരിക്കുന്നവരുടെയും വീടുകളിലേക്ക് പോലും പോലീസിന്റെ അന്വേഷണങ്ങൾ വൈകാതെയെത്തും. കാരണം കോർപ്പറേറ്റുകളെ വാഴിക്കാൻ വേണ്ടി മാത്രമാണ് ഇന്ന് ഭരണകൂടങ്ങൾ നിലനിൽക്കുന്നത്. മാവോയിസ്റ്റ് ഭീതി നിലനിൽക്കേണ്ടത് അതുകൊണ്ടുതന്നെ ഭരണകൂടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. ■